(ഡി) ഉണ്ടെങ്കിൽ അതെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) നാടൻ കലകൾ പരിപോഷിപ്പിക്കുന്നതിനായി കണ്ണൂർ സംസ്ഥാനമായി കേരള ഫോക്‌ലോർ അക്കാദമി പ്രവർത്തിക്കുന്നുണ്ട്. ഇത് സർക്കാരിന്റെ ഒരു ഗ്രാന്റ് എയിഡ് സ്ഥാപനമാണ്.

നാടൻ കലാസംഗമങ്ങൾ, നാടൻ കലാകാരന്മാരെ ആദരിക്കൽ, യുവകലാകാരന്മാർക്ക് അതത് കലകളിൽ വിദഗ്ദ്ധ പരിശീലനം നൽകൽ, നാടൻ കലാമേളകൾ, നാടൻ കലകൾ അഭ്യസിക്കുന്ന കുട്ടികൾക്ക് സ്റ്റൈപ്പന്റ്, കലാകാരന്മാർക്ക് രോഗ ചികിത്സാസഹായം എന്നീ പദ്ധതികൾ ഫോക്‌ലോർ അക്കാദമി നടപ്പിലാക്കിവരുന്നു.

(ബി) തെയ്യം, തിറ, പടയണി, മുടിയേറ്റ്, കാക്കാരശ്ശി നാടകം, കണ്യാർകളി, പരിചമുട്ടുകളി, പുള്ളുവൻപാട്ട്, ആദിവാസി നൃത്തങ്ങൾ, മാർഗ്ഗംകളി, ദഫ്മുട്ട്, അറബനമുട്ട്, ഒപ്പന, കളമെഴുത്തും പാട്ട്, കോമാമൂരി അർജ്ജുന നൃത്തം, മയിൽപ്പീലിയാട്ടം മുട്ടും വിളിയും, കുത്തിയോട്ടം, വേലകളി തുടങ്ങിയവ.

(സി)&(ഡി) സർക്കാർ സാമ്പത്തിക സഹായത്തോടെ കണ്ണൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരള ഫോക്‌ലോർ അക്കാദമി "സ്കൂൾ ഓഫ് ഫോക് ആർട്ട്സ് ആന്റ് ക്രാഫ്റ്റ്സ്" എന്ന പേരിൽ ഒരു പരിശീലന സ്ഥാപനം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്.

20 (1658) കലാകാരന്മാർക്ക് പെൻഷൻ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. പാലോട് രവി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എത്ര കലാകാരന്മാർക്ക് പെൻഷൻ നൽകിയിരുന്നു;

(ബി) ഇപ്പോൾ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്;

(സി) ഈ പെൻഷന്റെ തുക തീരുമാനിച്ചതെന്താണ്;

(ഡി) ഇത് വർദ്ധിപ്പിക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാന പദ്ധതി പ്രകാരം കലാകാരപെൻഷൻ 1500 പേർക്കായി നിജപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ മരണമടയുന്നതനുസരിച്ച് പുതിയ അപേക്ഷകൾ ക്ഷണിക്കുകയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ഒഴിവ് നികത്തുകയും ചെയ്യുന്നു. ഇപ്രകാരം പുതുതായി 335 കലാകാരന്മാർക്ക് കൂടി 1.4.1997 മുതൽ ധനസഹായം അനുവദിച്ചുവരുന്നു.

(സി) സംസ്ഥാന പദ്ധതി പ്രകാരം പ്രതിമാസം 300/- രൂപ നിരക്കിൽ നൽകി വരുന്ന ധനസഹായം 1.1.98 മുതൽ 400/- രൂപയായി വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

21 (1659) സ്ത്രീകളുടെ നാടക ശിൽപശാല

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഗീത നാടക അക്കാദമി തൃശ്ശൂരിൽ വച്ച് നടത്തിയ സ്ത്രീകളുടെ നാടക ശിൽപശാല വിജയകരമായിരുന്നോ;

(ബി) ഈ ശിൽപശാലകൊണ്ട് ഉദ്ദേശിച്ചിരുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ശിൽപശാലയിൽ എത്ര വനിതാ നാടക പ്രവർത്തകർ പങ്കെടുത്തു; അവരുടെ പേരും സംസ്ഥാനവും വ്യക്തമാക്കുമോ;

(ഡി) ഇവരുടെ നാടകരംഗത്തെ സംഭാവനകൾ എന്തെല്ലാം;

(ഇ) ശിൽപശാലയിലേക്ക് പ്രതിനിധികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ;

(എഫ്) ഇവിടെ അവതരിപ്പിച്ച നാടകങ്ങളെ സംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ജി) ശില്പശാലയിൽ കേരളത്തിന് വെളിയിൽ നിന്ന് എത്ര നാടക ഗ്രൂപ്പുകൾ പങ്കെടുത്തു; അവർ എത്ര നാടകങ്ങൾ അവതരിപ്പിച്ചു. നാടകത്തിന്റെ പേരും, ഗ്രൂപ്പിന്റെ പേരും വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്തിന് പുറത്തുനിന്ന് വന്ന നാടക സംഘങ്ങൾക്ക് എത്ര സംഖ്യയാണ് നൽകിയത്;

(ഐ) പഴയകാല നടികളെ ആദരിച്ച ചടങ്ങിൽ പങ്കെടുത്തവർ ആരെല്ലാം;

(ജെ) പ്രശസ്ത കലാകാരിയായ ശ്രീമതി വിജയകുമാരിയെ (കാളിദാസ കലാകേന്ദ്രം) ക്ഷണിക്കാതിരുന്നതിന്റെ കാരണം അറിയിക്കുമോ;

(കെ) പരിപാടിയുടെ നടത്തിപ്പിന് ഏതൊക്കെ സംഘടനകളാണ് സംഘാടകരായി ഉണ്ടായിരുന്നത്;

(എൽ) ഇവർ എത്ര സംഖ്യ അക്കാദമിക്ക് നൽകിയിരുന്നു; ഈ നാടക പണിപ്പുരയ്ക്ക് ആകെ വന്ന ചെലവ് എത്ര എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിജയമായിരുന്നു.

(ബി) സാഹിത്യത്തിലും കലയിലും പ്രധാനമായി കൈകാര്യം ചെയ്യുവുന്ന ഒരു വിഷയമാണ് സ്ത്രീകളുടെ പ്രശ്നങ്ങൾ. അരങ്ങിലെ സ്ത്രീ സാന്നിദ്ധ്യം, എങ്ങനെ അരങ്ങിനു കരുത്തേകുന്നു എന്ന് അന്വേഷിക്കുക, മലയാള നാടകത്തിൽ സ്ത്രീ സാന്നിദ്ധ്യം ദുർബലമായി പോകുന്നതെന്തുകൊണ്ടാണ് എന്ന് അന്വേഷിക്കുക. മലയാള നാടക വേദിക്ക് ഒരു പുതിയ ഉണർവേകുക, ഇന്ത്യയിലെ പ്രഗത്ഭരായ സ്ത്രീ സംവിധായകരെ മലയാള നാടകവേദിക്കു പരിചയപ്പെടുത്തുക എന്നിവയാണ് ഈ ശില്പശാലകൊണ്ട് ഉദ്ദേശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly